പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4425 28.06.2012 - ൽ മറുപടിക്ക്**

**<u>കഴിഞ്ഞ വിളവെടുപ്പുകാലത്തെ നെല്ലുസംഭരണം</u>**

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** | |
|---|---|---|---|
| **ശ്രീ. ആർ. രാജേഷ്** | | **ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)** | |
| എ) | സംസ്ഥാനത്ത് സപ്ലൈക്കോയുടെ നേതൃത്വത്തിൽ കഴിഞ്ഞ വിളവെടുപ്പ് കാലത്ത് നെല്ല് സംഭരണം നടത്തിയിരുന്നുവോ; | എ) | സംസ്ഥാനത്ത് സപ്ലൈകോയുടെ നേതൃത്വത്തിൽ കഴിഞ്ഞ വിളവെടുപ്പ് കാലത്ത് (2011-12) നെല്ല് സംഭരണം നടത്തിയിരുന്നു |
| ബി) | എത്ര ടൺ നെല്ലാണ് സപ്ലൈകോ സംഭരിച്ചത് എന്ന് വ്യക്തമാക്കാമോ; | ബി) | ഇതുവരെ 5.58 ലക്ഷം ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു. |
| സി) | എത്ര ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യം ഇട്ടിരുന്നത്; | സി) | 5.50 ലക്ഷം ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യം ഇട്ടിരുന്നത്. |
| ഡി) | അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ നിന്ന് നെല്ല് സംഭരിക്കാൻ സപ്ലൈക്കോ തീരുമാനം കൈക്കൊണ്ടിരുന്നുവോ; എങ്കിൽ അവിടെ നിന്ന് എത്ര ടൺ നെല്ല് സംഭരിക്കാനാണ് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; | ഡി) | കേരളത്തിലെ നെൽകർഷകരിൽ നിന്നു മാത്രമാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നത്. |
| ഇ) | സംസ്ഥാനത്തെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന് താങ്ങുവില എത്ര രൂപയായിരുന്നു; സംഭരിച്ച നെല്ലിന് കർഷകർക്ക് താങ്ങുവില നൽകിയോ? | ഇ) | സംസ്ഥാനത്തെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിൻെറ താങ്ങുവില കിലോഗ്രാമിന് 15 രൂപയായിരുന്നു.<br>2011-12 ഒന്നാം സീസണിൽ സംഭരിച്ച നെല്ലിൻെറ വില പൂർണ്ണമായും കൃഷിക്കാരുടെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് നൽകിക്കഴിഞ്ഞു.<br>2011-12 രണ്ടാം സീസണിൽ സംഭരിച്ച നെല്ലിൻെറ വിലയിൽ 445.08 കോടി രൂപ ഇതുവരെ കർഷകർക്ക് വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി തുക കൊടുത്തു തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.